# STD - I

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന് നമ്മുടെ ദൈവം ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മെ സ്നേഹിക്കുന്ന, പരിപാലിക്കുന്ന ദൈവം - പിതാവ് - നമുക്കുണ്ട്. ആ പിതാവായ ദൈവത്തെ ഞാൻ സ്നേഹിക്കും.

### പഠനസഹായികൾ

* കുഞ്ഞുങ്ങൾക്ക് പാലു കൊടുക്കുന്ന അമ്മപൂച്ചയുടെ ചിത്രം.

* ദിവസവും ജോലികഴിഞ്ഞ്, ക്ഷീണിച്ച് വീട്ടിലേക്കെത്തി തന്റെ കുഞ്ഞുങ്ങളെ വാരിയെടുത്ത് താലോലിക്കുന്ന അപ്പൻ! അത് കഥാരൂപത്തിൽ അവതരിപ്പിക്കാം.

### പാഠത്തിന്റെ ഉള്ളടക്കം

* നമ്മെ പരിപാലിക്കുന്ന ഒരു ദൈവമുണ്ട്.
* നമ്മെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്.
* ഈ ദൈവമാണ് നമ്മുടെ പിതാവായ ദൈവം.
* നമുക്ക് സ്നേഹത്തിൽ ഒരുമിച്ചു വളരാം.
* നമുക്ക് പിതാവായ ദൈവത്തിൽ നിന്നു ലഭിക്കുന്ന സ്നേഹം മറ്റുള്ളവരിലേക്കും പങ്കുവയ്ക്കാം.

### പ്രാർത്ഥന

പിതാവായ ദൈവമേ, അങ്ങയെ എപ്പോഴും സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

### ചോദ്യങ്ങൾ

1. പിതാവായ ദൈവത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
2. പാഠഭാഗത്തിലെ വചനം പഠിക്കുക. (കുട്ടികളും ടീച്ചറും കൂടി, വചനം ഒന്നിൽകൂടുതൽ പ്രാവശ്യം ഏറ്റുചൊല്ലാവുന്നതാണ് - സമയ ലഭ്യത അനുസരിച്ച്)
3. ദൈവത്തിന് ശരീരം ഉണ്ടോ? ദൈവം എന്താണ്?
4. നമ്മെ ദൈവം എന്തെല്ലാം രീതികളിൽ ആണ് പരിപാലിക്കുന്നത്.
5. മുതിർന്നവർക്ക് സ്തുതി ചൊല്ലുന്നതെങ്ങനെയാണ്?

# STD - I

## അദ്ധ്യാപക സഹായി

**പാഠം - ഒന്ന്          ഈശോ പഠിപ്പിച്ച പ്രാർത്ഥന     ഭാഗം - രണ്ട്**

### ലക്ഷ്യം

ദൈവത്തോട് എങ്ങനെ പ്രാർത്ഥിക്കണം എന്ന് ഈശോ നമ്മെ പഠിപ്പിച്ച പ്രാർത്ഥന. ഈ പ്രാർത്ഥന ഞാൻ പഠിച്ച് എന്നും ചൊല്ലും.

### പഠനസഹായികൾ

* വചനം - മത്തായി 6:9–15
* സ്വർഗ്ഗസ്ഥനായ പിതാവേ - പ്രാർത്ഥന - വീഡിയോ

ഈ പ്രാർത്ഥനയിൽ എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

ഈശോ പഠിപ്പിച്ച പ്രാർത്ഥന

### പ്രാർത്ഥന

കർത്താവായ ദൈവമേ, പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിച്ചതിന് നന്ദി പറയുന്നു. മടികൂടാതെ അങ്ങയെ സ്തുതിച്ചുകൊണ്ട് പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

### ചോദ്യങ്ങൾ

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന കാണാപാഠം ചൊല്ലുക.